(ബി) ഈ തസ്തികയിലേക്കുള്ള നിയമനം നടത്താനുള്ള കാല താമസത്തിന് കാരണം എന്താണ് ; ബോർഡിലെ തൊഴിലാളി സംഘടനകളുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥയനുസരിച്ച് താൽക്കാലിക ജോലിക്കാർക്ക് ഈ നിയമനത്തിന് മുൻഗണന നൽകുമെന്ന് വ്യവസ്ഥ ചെയ്തിരുന്നോ? ഈ വ്യവസ്ഥ ഉടനടി നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) കെ. എസ്. ഇ. ബോർഡിൽ ഇലക്ട്രിസിറ്റി വർക്കർ കാറ്റഗറിയിൽ കൂടുതൽ ജീവനക്കാരെ ആവശ്യമുണ്ട്. അവരുടെ കുറവു മൂലം പണികൾ നടത്താൻ കാലതാമസം ഉണ്ടായിട്ടില്ല.

(ബി) ഇലക്ട്രിസിറ്റി ബോർഡിലേക്കുള്ള നിയമനങ്ങൾ പി. എസ്. സി. മുഖേനയാണ് നടത്തുന്നത്. മുൻകാലങ്ങളിൽ കാഷ്വൽ ജോലിക്കാരായിരുന്നവർക്ക് ഇലക്ട്രിസിറ്റി വർക്കറായി നിയമനത്തിന് . ചില വ്യവസ്ഥകൾക്ക് വിധേയമായി മുൻഗണന കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നിയമനം നടത്തുന്നതിന് പി. എസ്. സി. നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഈ നിയമനം നടത്തുന്നത് ഹൈക്കോടതി താല്ക്കാലികമായി സ്റ്റേ ചെയ്തിരിക്കുകയാണ്.

മെഡിക്കൽ കോളേജുകളിൽ ട്യൂട്ടർമാരുടെ തസ്തികകളിലേക്ക് പി. എസ്. സി. അഡ്വൈസ് ചെയ്തവർ

624 [906] ശ്രീ. എൻ. വാസുദേവൻപിള്ള:

ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1.1.1977 നു ശേഷം മെഡിക്കൽ കോളേജുകളിൽ ട്യൂട്ടർമാരുടെ തസ്തികകളിലേക്ക് എത്രപേരെ പി. എസ്. സി. അഡ്വൈസ് ചെയ്തു;

(ബി) അവരിൽ എത്രപേർക്ക് പി. എസ്. സി. നടത്തിയ പരീക്ഷയിൽ 75 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചു;

(സി) അവരിൽ ഓരോരുത്തർക്കും അവരുടെ എം. ബി. ബി. എസ് പരീക്ഷയിൽ കിട്ടിയ മാർക്കുകൾ എത്ര?

ഉത്തരം

(എ) 1.1.1977 നു ശേഷം 312 പേരെ മെഡിക്കൽ കോളേജുകളിൽ ട്യൂട്ടർമാരുടെ തസ്തികകളിലേക്ക് പി. എസ്. സി. അഡ്വൈസ് ചെയ്തു.

(ബി, സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly